


**ഗ്വിദ് മോപ്പസാങ്**
ഫ്രഞ്ച് കഥാകൃത്ത്, നോവലിസ്റ്റ്, 6 നോവലുകളും, 300 ഓളം ചെറുകഥകളും രചിച്ച ഇദ്ദേഹത്തെ ആധുനിക ചെറുകഥയുടെ പിതാക്കളിലൊരാളായി നിരൂപകർ കണക്കാക്കുന്നു

# മാറ്റിൽഡയുടെ നെക്ലസ്



അന്ന് മാറ്റിൽഡ ലൂയിസൽ എന്ന യുവതിക്ക് ഏറെ ആഹ്ലാദമുള്ള ദിവസമായിരുന്നു. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് തങ്ങളെത്തേടിയെത്തിയ ഒരു ക്ഷണക്കത്ത്, പട്ടണത്തിലെ പൗരപ്രധാനികളും ധനികരും മാത്രം പങ്കെടുക്കുന്ന ഒരു പാർട്ടിയിൽ പങ്കുകൊള്ളാൻ തന്നെയും ഭർത്താവിനെയും ക്ഷണിച്ചിരിക്കുകയാണ്!

സർക്കാർ വകുപ്പിലെ ഒരു സാധാരണ ഗുമസ്തനായ മിസ്റ്റർ ലൂയിസൽ ലളിതമായ ജീവിതമായിരുന്നു നയിച്ചിരുന്നത്. എന്നാൽ പത്നിയായ മാറ്റിൽഡയാകട്ടെ, ആഡംബര ജീവിതവും പണക്കാരുമായുള്ള സൗഹൃദങ്ങളുമായിരുന്നു കൊതിച്ചിരുന്നത്.

ധനികർ മാത്രം പങ്കുകൊള്ളുന്ന പാർട്ടിയിൽ തങ്ങൾക്കും ഒരു ഭാഗമാകാൻ കഴിഞ്ഞല്ലോയെന്ന ആഹ്ലാദം പക്ഷേ, മാറ്റിൽഡക്ക് തെല്ലു നേരമേ ഉണ്ടായിരുന്നുള്ളൂ. കാരണം പാർട്ടിക്ക് അനുയോജ്യമാംവിധം അണിഞ്ഞൊരുങ്ങാൻ നല്ല വസ്ത്രങ്ങളോ, ആഭരണങ്ങളോ തനിക്കില്ലല്ലോ എന്ന് അവൾ ഓർത്തു.

മിസ്റ്റർ ലൂയിസലാവട്ടെ, പ്രിയതമയുടെ ഏതൊരാഗ്രഹവും നടത്തിക്കൊടുക്കാൻ സ്വയം പട്ടിണി കിടക്കുന്ന കൂട്ടത്തിലുമായിരുന്നു. എന്തു വന്നാലും തന്റെ സമ്പാദ്യത്തിൽ നിന്ന് നല്ലൊരു തുക അയാൾ പ്രിയതമയ്ക്ക് വിലപിടിപ്പുള്ള വസ്ത്രങ്ങളും മേയ്ക്കപ്പ് സാധനങ്ങളും വാങ്ങാൻ ഉപയോഗിക്കുക തന്നെ ചെയ്തു. ഒരു ഗൺ വാങ്ങാൻ സ്വരുക്കൂട്ടിവെച്ച പണമായിരുന്നു അത്.

പണക്കാരിയായ മേഡം ഫോറസ്റ്റിയരുടെ ഒരു നെക്‌ലേസ് വായ്പയായി വാങ്ങിയായിരുന്ന മാറ്റിൽഡ



പാർട്ടിക്കു വന്നത്. നെക്ലസ് വാങ്ങാനുള്ള പണം മിസ്റ്റർ ലൂയിസിനുണ്ടായിരുന്നില്ല.

ഏതായാലും പാർട്ടിയിൽ മാറ്റിൽഡ ലൂയിസൽ ശരിക്കും വെട്ടിത്തിളങ്ങുക തന്നെ ചെയ്തു. എല്ലാവർക്കും ചർച്ചാ വിഷയമായത് മാറ്റിൽഡ കഴുത്തിലിട്ട നെക്ലസ് തന്നെയായിരുന്നു. മാറ്റിൽഡക്ക് സന്തോഷമായി.

പക്ഷെ, പാർട്ടി കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തിയ മാറ്റിൽഡ ആ സത്യം തിരിച്ചറിഞ്ഞു. തന്റെ നെക്ലസ് നഷ്ടപ്പെട്ടിരിക്കുന്നു!

എവിടെ തിരഞ്ഞു നോക്കിയിട്ടും ഫലമുണ്ടായില്ല. പാർട്ടി നടന്ന ഹാളിലും വഴിയിലും മറ്റുമെല്ലാം വിശദമായി തിരഞ്ഞു. പോലീസിലും പത്രത്തിലും വേണ്ടതെല്ലാം ചെയ്തു. എന്നിട്ടും നക്ലസിനെക്കുറിച്ച് ഒരു തുമ്പുമില്ല. ഇനി മേഡം ഫോറസ്റ്റിയരോട് എന്തു പറയും? എങ്ങനെ നെക്ലസ് തിരിച്ചു നൽകും?

അന്വേഷണം എങ്ങുമെത്താതായപ്പോൾ മറ്റൊരു നെക്ലസ് വാങ്ങി മേഡത്തിന് നൽകി വായ്പ തിരിച്ചടക്കാൻ തന്നെ ദമ്പതിമാർ തീരുമാനിച്ചുറച്ചു.

അങ്ങനെ ഒരു ആഭരണ വ്യാപാരിയിൽ നിന്ന്, നഷ്ടപ്പെട്ടതുപോലെയുള്ള ഒരു നക്ലസ് വലിയ വിലകൊടുത്ത് മിസ്റ്റർ ലൂയിസൽ വാങ്ങി.

ആകെയുണ്ടായിരുന്ന ഭൂമിയും വീടും പണയപ്പെടുത്തിയും വളർത്തുനായയെ വിറ്റും ജോലിക്കാരിയെ പറഞ്ഞയച്ചും കിട്ടാവുന്നത്ര കടം വാങ്ങിയും ഇരുവരും അതിനുള്ള പണം ശേഖരിച്ചു കൊണ്ടിരുന്നു. നെക്ലസ് മേഡത്തെ തിരിച്ചേൽപ്പിക്കുകയും ചെയ്തു. അങ്ങനെ അവർ ഒരു വാടകമുറിയിലേക്കു താമസം മാറ്റി. ഒടുവിൽ ദുരിത ജീവിതത്തിന്റെ പത്തുവർഷങ്ങൾ കഴിഞ്ഞപ്പോൾ കടബാധ്യതകളിൽ നിന്ന് ഏറെ മോചിതമായി.

പിന്നീട് ഒരു വ്യാപാരസമുച്ചയത്തിൽ വെച്ച് മേഡം ഫോറസ്റ്റിയർ, യാദൃശ്ചികമായി കാണാനിടയായ മാറ്റിൽഡയെ കണ്ട് കുറെ മിഴിച്ചു നിന്നു.

ഇതെന്തൊരു കോലം! എന്തൊരു വേഷമാണ്!

ആകാംക്ഷയോടെ, അതിലേറെ അമ്പരപ്പോടെയും മേഡം ഫോറസ്റ്റയർ കാര്യം അന്വേഷിക്കുകയും ചെയ്തു. അപ്പോൾ വിറയാർന്ന സ്വരത്തിൽ മാറ്റിൽഡ ഇങ്ങനെ പറഞ്ഞു:

“നിങ്ങൾ ഒരുത്തിയാണ് ഇതിനു കാരണം!”

നെക്ലസ് നഷ്ടപ്പെട്ട വിവരവും ഇത് തിരിച്ചുതരാൻ മറ്റൊരെണ്ണം സംഘടിപ്പിക്കുന്നതിനിടയിൽ നഷ്ടപ്പെട്ട സ്വന്തം ജീവിത സൗകര്യങ്ങളെക്കുറിച്ചുമെല്ലാം മറ്റിൽഡ വിവരിച്ചതു കേട്ട മേഡം ഫോറസ്റ്റിയർ ഒരിക്കൽ കൂടി ഞെട്ടി.

“നിനക്കറിയോ മാറ്റിൽഡാ... ഞാൻ നിനക്ക് വായ്പ തന്നത് യഥാർത്ഥ ഡയമണ്ടൊന്നുമല്ലായിരുന്നു. അങ്ങാടിയിൽ കുറഞ്ഞ വിലക്ക് ലഭിക്കുന്ന ഒരു സാധാരണ കൃത്രിമ ഡയമണ്ട് നെക്ലസ് മാത്രമായിരുന്നു.!!”

മേഡം ഫോറസ്റ്റിയറുടെ വിശദീകരണം കേട്ട് ചിരിക്കണോ കരയണോ എന്നറിയാതെ മാറ്റിൽഡ തരിച്ചു നിന്നു പോയി.

വിവർത്തനം:

● എം. കവിത